**QP CODE**
**C2034**

**Enrollment Number: ………………**

**Name: ………………………………**

# M.A. DEGREE EXAMINATIONS, JULY 2025
## Third Semester
## M.A. Malayalam Language and Literature
## M21ML02DE – ചലച്ചിത്രപഠനം
**(2023 July admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. അനുവർത്തന സിനിമയെ എഴുത്തുകാരന്റെ സിനിമ എന്ന് പറയുന്നതെന്തുകൊണ്ട്?...
2. മൈസ് എൻ സീൻ (mise en scene) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്.
3. മലയാളത്തിലെ എക്കാലത്തെയും മികച്ച സ്ത്രീപക്ഷ സിനിമയാണ് 'ആദാമിന്റെ വാരിയെല്ല് '.- വ്യക്തമാക്കുക.
4. സിനിമയുടെ ദൃശ്യ ചിഹ്ന കല പിറവി എടുക്കുന്നത് ചിത്രസന്നിവേശത്തിലൂടെയാണ്. സ്ഥാപിക്കുക.
5. ലൂമിയർ സഹോദരന്മാർ സിനിമയ്ക്ക് നൽകിയ സംഭാവനകൾ?
6. ക്യാമറയുടെ വിവിധ വീക്ഷണകോണുകൾ ഏതൊക്കെ?
7. ദൃശ്യങ്ങൾ കഥ പറച്ചിലിന്നുള്ള വാഹകങ്ങളായി വർത്തിക്കുന്നു. – വ്യക്തമാക്കുക.
8. ആനിമേഷൻ എന്നത് വിനോദം മാത്രമല്ല. വിദ്യാഭ്യാസത്തിനും ആശയ വിനിമയത്തിനുമുള്ള ശക്തമായ ഉപകരണം കൂടിയാണ്." - സമർത്ഥിക്കുക.

**(2X5 =10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരുപുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം.**

9. ശബ്ദചിഹ്നങ്ങൾ സാംസ്കാരിക പ്രതീകങ്ങളായി സിനിമയിൽ അവതരിപ്പിക്കുന്നതെങ്ങനെ?
10. സിനിമയിലെ കാഴ്ചാനുഭവത്തെ വളരെയധികം സ്വാധിനിക്കുന്ന ഒന്നാണ് ഷോട്ടുകൾ. വിവിധ തരത്തിലുള്ള ഷോട്ടുകളുടെ പ്രാധാന്യം വിശദീകരിക്കുക.

11. ചലച്ചിത പ്രമേയത്തെ മൊണ്ടാഷ് സിദ്ധാന്തം എങ്ങനെയെല്ലാം സ്വാധിനിക്കുന്നു എന്ന് വിശകലനം ചെയ്യുക.
12. ഡോക്യുമെന്ററികളുടെ സാമൂഹിക ഇടപെടലിനുള്ള സാധ്യതകൾ വിലയിരുത്തുക.
13. രചയിതസിദ്ധാന്തം എന്നാൽഎന്ത്? രചയിതസിദ്ധാന്തത്തിന്റെ പ്രധാന തത്വങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.
14. മലയാള സിനിമയുടെ ആദ്യകാല ചരിത്രവും ജനപ്രിയ സിനിമകളുടെ തുടക്കവും വിവരിക്കുക.
15. 'സിനിമാ സാഹിത്യം' എന്ന നിലയിൽ ചലച്ചിത്ര നിരൂപണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക
16. സിനിമയ്ക്ക് സാഹിത്യവും ഇതര കലകളുമായിട്ടുള്ള ബന്ധം വിശകലനം ചെയ്യുക.
17. ന്യൂജനറേഷൻ സിനിമകളുടെ സവിശേഷതകൾ വിലയിരുത്തുക
18. മലയാള സിനിമയിലേയ്ക്ക് നവതരംഗം കടന്നു വന്നത് അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരത്തോടെ ആയിരുന്നു. ചർച്ച ചെയ്യുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. സിനിമയുടെ സാഹിത്യം എന്ന നിലയിൽ തിരക്കഥയ്ക്കുള്ള സ്ഥാനം, തിരക്കഥയുടെ ഘടന എന്നിവ വിശകലനം ചെയ്യുക.
20. മലയാള സിനിമയിലെ ഫെമിനിസ്റ്റ് കാഴ്ചപ്പാടുകളും ആഖ്യാനഘടനയും.- വിവരിക്കുക.
21. മലയാള സിനിമയിലെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ വിവിധ കാലഘട്ടങ്ങളിലെ ചിത്രങ്ങളെ ആസ്പദമാക്കി വ്യക്തമാക്കുക.
22. ദളിത് - കീഴാള സാമുദായിക സ്വത്വപ്രശ്നങ്ങളോടുള്ള മലയാള സിനിമയുടെ സമീപനം - വ്യക്തമാകുക.

**(15X2=30)**